**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി -പ്രത്യേകവായ്പ്പ സ്കീമിൽ സഹകരണ മേഖലയെ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാല് ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി പ്രത്യേക സ്കീം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം മുതൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാല് ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ, 10 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് 'ഒരു കുടുംബം ഒരു സംരംഭം" പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു. സ്ഥിര മൂലധന വായ്പ മാത്രമായോ പ്രവർത്തന മൂലധന വായ്പ മാത്രമായോ ഇവ സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്ക് പദ്ധതി പ്രകാരം പലിശയിളവ് ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br><br>01.04.2022 ന് ശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുക. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം / 12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തനനിരതം ആയിരിക്കണം. ആനുകൂല്യത്തിന് അപേക്ഷിക്കുന്ന കാലയളവിൽ ബാങ്ക് ലോൺ NPA ആകാൻ പാടില്ല. അപേക്ഷിക്കുന്ന യൂണിറ്റുകൾ ഉദ്യം രജിസ്ട്രേഷൻ എടുത്തിരിക്കണം. മറ്റു പദ്ധതികൾ പ്രകാരം |

| | | | |
|---|---|---|---|
| | | | ആനുകൂല്യം ലഭിച്ചിട്ടുള്ള യൂണിറ്റുകൾക്ക് 'ഒരു കുടുംബം ഒരു സംരംഭം" പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹത ഇല്ല. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ / അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കു വർക്കിങ് ക്യാപിറ്റൽ ലോണിനു ഈ പദ്ധതി പ്രകാരമുള്ള പലിശയിളവിനു അർഹതയുണ്ട്. അപേക്ഷകൾ http://ofoe.industry.kerala.gov.in എന്ന ലിങ്ക് വഴി ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. |
| (ബി) | സഹകരണ മേഖലയിലെ ബാങ്കുകൾക്കുള്ള സാങ്കേതിക പരിമിതികൾ പരിശോധിച്ച് പ്രസ്തുത സ്കീമിൽ സഹകരണ മേഖലയെ കൂടി ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കേരളബാങ്കിനെ ഒരു കുടുംബം ഒരു സംരംഭം പദ്ധതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. "ഒരു കുടുംബം ഒരു സംരംഭം പദ്ധതി" പ്രകാരം അനുവദിക്കുന്ന സബ്സിഡി, ഓൺലൈൻ ട്രാൻസാക്ഷൻ മുഖേന reimbursement ആയാണ് അനുവദിച്ച് വരുന്നത്. ഇപ്രകാരം സബ്സിഡി വിതരണം ചെയ്യുന്നതിന് ലോൺ അക്കൗണ്ട് നമ്പറും ബാങ്കിന്റെ IFSC കോഡും ആവശ്യമാണ്. ടി സാഹചര്യത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളെ " ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ " ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | വായ്പ അപേക്ഷയിന്മേൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നടപടി പൂർത്തിയാക്കി വായ്പ അനുവദിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകൾ മുഖേന ആണ് വായ്പ ലഭ്യമാകുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ- യുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വായ്പ അപേക്ഷയിന്മേൽ നടപടി പൂർത്തിയാക്കി വായ്പ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ